നിന്ന് വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ച് അധിക ആവശ്യകത നേരിടുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള പല മധ്യകാല/ ദീർഘകാല കരാറുകളിലും വൈദ്യുതി ബോർഡ് ഇതിനകം ഏർപ്പെട്ടിട്ടുണ്ട്. പുറമെ നിന്നുള്ള വൈദ്യുതി വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രസരണ ലൈനുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിലുള്ള വൈദ്യുതിയുടെ ലഭ്യതയുടെയും ആവശ്യകതയുടെയും കണക്കുകൾ ലോഡ് ജനറേഷൻ ബാലൻസ് (LGB) പരിശോധിച്ച് വരുംവർഷങ്ങളിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കുപുറമെ വൈദ്യുതി വ്യാപാരികളിൽനിന്നും ജനറേറ്റിംഗ് കമ്പനികളിൽനിന്നും 2115 മെഗാവാട്ട് (2015 മുതൽ) വൈദ്യുതിക്കായുള്ള കരാറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതുവരെ ഒപ്പു വച്ചിട്ടുണ്ട്. ഇതിൽ 1415 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) ദീർഘകാലാടിസ്ഥാനത്തിലും 400 മെഗാവാട്ട് (2014-2017) മദ്ധ്യ കാലാടിസ്ഥാനത്തിലും 300 മെഗാവാട്ട് (ജൂൺ 2015 മുതൽ മെയ് 2016 വരെ) ഹ്രസ്വകാലാടിസ്ഥാനത്തിലും ഉള്ളതാണ്.

റിംഗ് മെയിൻ യൂണിറ്റ്, സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വിസിഷൻ സംവിധാനങ്ങൾ

13 (2214) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിൽ റിംഗ് മെയിൻ യൂണിറ്റ് (ആർ. എം. യു), സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വിസിഷൻ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് എത്ര എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

ഉപയോഗശൂന്യമായ സി.എഫ്. ബൾബുകൾ

14 (2215) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് ഗുരുതരമായ പരിസര മലിനീകരണത്തിന് കാരണമാകുന്നതായും ഇവ സുരക്ഷിതമായി സംസ്കരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുമെന്നും 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly